# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -3188 11.12.2014- ൽ മറുപടിക്ക്

## ബോവിക്കനം ജംഗ്ഷനിലെ അപകട സാധ്യത

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | മറുപടി<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ ചെർക്കളം-ജാൽസൂർ എസ്.എച്ച്-ൽ ബോവിക്കനം ജംഗ്ഷനിൽ അടിക്കടിയുണ്ടാകുന്ന വാഹന അപകടം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെർക്കളം-ജാൽസൂർ റോഡും, ബോവിക്കനം കാനത്തൂർ റോഡും കൂടി ചേരുന്ന ജംഗ്ഷനാണിത്. ഇവിടെ ബസ് സ്റ്റോപ്പ്, ജംഗ്ഷനിൽ തന്നെയായ തിനാൽ ബസ് നിർത്തിയിട്ടാൽ മറുഭാഗത്ത് വരുന്ന വാഹനങ്ങളെ കാണാൻ ബുദ്ധിമുട്ടാണ്. കൂടാതെ ജംഗ്ഷനിലുള്ള ഒരു മരവും അപകട കാരണമാകുന്നുണ്ട്. |
| (ബി) ഈ ജംഗ്ഷനിൽ അപകടം ഉണ്ടാകാതിരിക്കാൻ പി.ഡബ്ല്യു.ഡി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ജംഗ്ഷനിൽ ഡിവൈഡർ സ്ഥാപിക്കാനും, മരം മുറിക്കുന്നതിനും, ബസ് കാത്തിരിപ്പ് കേന്ദ്രം പൊളിച്ച് മാറ്റി വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. |
| (സി) പാർക്കിംഗ് ഏരിയ വർദ്ധിപ്പിച്ച് ഡിവൈഡറും സർക്കിളും സ്ഥാപിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ? | (സി) പാർക്കിംഗ് ഏരിയ വർദ്ധിപ്പിച്ച് ഡിവൈഡർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തു. ശാസ്ത്രീയമായി സർക്കിൾ നിർമ്മിക്കുന്നതിന് ഇപ്പോഴുള്ള സ്ഥലം അപര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ